കോട്ടയം	-	58
ഇടുക്കി	-	26
എറണാകുളം	-	66
തൃശ്ശൂർ	-	62
പാലക്കാട്	-	44
മലപ്പുറം	-	26
കോഴിക്കോട്	-	17
വയനാട്	-	5
കണ്ണൂർ	-	28
കാസർഗോഡ്	-	18
ആകെ		430

(സി) പി.എസ്.സി.-യിൽ നിന്നും ഉദ്യോഗാർത്ഥികളുടെ നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

റിസ്ക് ഫണ്ട് പദ്ധതി

93 (4675) ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണമേഖലയിൽ നടപ്പാക്കിയ റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്നശേഷം എത്ര കുടുംബങ്ങൾക്ക് പ്രസ്തുത ഫണ്ടിൽനിന്നും ആശ്വാസം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കൂടുതൽ കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുംവിധം പ്രസ്തുത ഫണ്ട് നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്ന 1-4-2008 മുതൽ നാളിതുവരെയായി (25-6-2015 വരെ) 18,728 അപേക്ഷകളിലായി 124,34,37,576 രൂപ (നൂറ്റി ഇരുപത്തിനാല് കോടി മുപ്പത്തിനാല് ലക്ഷത്തി മുപ്പത്തഴായിരത്തി അഞ്ഞൂറ്റി എഴുപത്താറ് രൂപ) റിസ്ക് ഫണ്ടിൽനിന്നും ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. റിസ്ക് ഫണ്ട് നിയമാവലി നിബന്ധന 4 (ബി) പ്രകാരം കടിശ്ശിക കണക്കാക്കുന്നത് വായ്പക്കാരന്റെ മരണത്തീയതിക്ക് തൊട്ടുമുമ്പ് വായ്പാ തിരിച്ചടവിൽ 6 മാസത്തിലധികരിച്ച് വീഴ്ചവരുത്തുന്നതുമുതൽക്കാണ്. ആയത് 1 വർഷമായി മാറ്റുന്നതിനും, അസുഖബാധിതരുടെ വായ്പയിൽ ചികിത്സാ ധനസഹായത്തിന് ലിവർ സിറോസിസ്, റ്റി.ബി. എന്നീ അസുഖ ബാധിതർക്കുകൂടി ആനുകൂല്യം ലഭ്യമാക്കുന്നതിനും നിയമാവലി ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇതിലൂടെ കൂടുതൽ കുടുംബങ്ങൾക്ക് റിസ്ക് ഫണ്ട് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് വിലയിരുത്തുന്നു.

കണ്ണൂർ ജില്ലയിലെ പുതിയ പ്രാഥമിക സഹകരണ സംഘങ്ങൾ

94 (4676) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ എത്ര പ്രാഥമിക സഹകരണ സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്; അവ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) എത്ര പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പുതുതായി ശാഖകൾ അനുവദിച്ചിട്ടുണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) 194 പ്രാഥമിക സഹകരണ സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. ടി സംഘങ്ങളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1 മാലൂർ അഗ്രിക്കൾച്ചറൽ വെൽഫെയർ സഹകരണ സംഘം Ltd No. C1824

2 തലശ്ശേരി താലൂക്ക് അഗ്രിക്കൾച്ചറിസ്റ്റ് വെൽഫെയർ സഹകരണ സംഘം Ltd No. C1833

3 ചെങ്ങയാട് പബ്ലിക് വെൽഫെയർ സഹകരണ സംഘം Ltd No. C1847

4 മട്ടന്നൂർ പബ്ലിക് വെൽഫെയർ സഹകരണ സംഘം Ltd No. C1841

5 തലശ്ശേരി താലൂക്ക് വനിതാ വെൽഫെയർ സഹകരണ സംഘം Ltd No.C1846

6 മോന്താൽ വനിത സർവ്വീസ് സഹകരണ സംഘം Ltd No. C1848

7 പാനൂർ പബ്ലിക് വെൽഫെയർ സഹകരണ സംഘം Ltd No. C1849

8 പെരിങ്ങത്തൂർ പബ്ലിക് വെൽഫെയർ സഹകരണ സംഘം Ltd No. C1852

LIBRARY ARCHIVES Kerala Legislative Assembly